LIBRARY ARCHIVES Kerala Legislative Assembly

അശാസ്ത്രീയമായ മണ്ണ് നീക്കൽ അവസാനിപ്പിക്കാൻ നടപടി

87 [1823] *ശ്രീ. പി. ജെ. ജോയി:*

„ ടി. യു. രാധാകൃഷ്ണൻ:

ശ്രീമതി മേഴ്സി രവി:

ശ്രീ. വർക്കല കഹാർ:

„ കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നക്രംപാറയിൽ 2005 ഏപ്രിൽ അവസാന വാരത്തിൽ തടയണ കെട്ടുന്നതിനേർപ്പെട്ടിരുന്ന 10 തൊഴിലാളികൾ മണ്ണിടിച്ചിൽമൂലം മരിച്ചിട്ടുണ്ടോ;

(ബി) അവിടെ മണ്ണിടിയുന്നതിനുള്ള കാരണമെന്താണ്;

(സി) ഇതിനടുത്തുനിന്നും മണ്ണ് എടുത്തതുകൊണ്ടാണോ അപകടം ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അശാസ്ത്രീയമായ മണ്ണ് നീക്കൽ അവസാനിപ്പിക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിത്തറയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ അപ്രതീക്ഷിതമായി മണ്ണിടിഞ്ഞായിരുന്നു അപകടം.

(സി) അല്ല.

(ഡി) പരിശോധിക്കുന്നതാണ്.

നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

88 [1824] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഈ തസ്തികയിലേക്ക് ഏതെല്ലാം ലിസ്റ്റിൽനിന്നും നിയമനം നൽകിവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ലിസ്റ്റിൽനിന്നും ഏറ്റവും അവസാന നിയമനം നൽകിയത് എന്നാണ്;

(ഡി) അടുത്ത നിയമനം നൽകേണ്ടത് ഏതു ലിസ്റ്റിൽനിന്നുമുള്ളവർക്കാണ്;

(ഇ) നിയമനം നടത്തുന്നതിന് കാലതാമസം വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കി നിലവിലുള്ള ഒഴിവുകളിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സ്ഥിര ഒഴിവുകളും 2 താല്ക്കാലിക ഒഴിവുകളും ഉൾപ്പെടെ ആകെ 5 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഈ തസ്തികയിലേക്ക് പി.എസ്.സി. ലിസ്റ്റ്, സെക്രട്ടേറിയറ്റ് സർവ്വീസിൽ നിന്നുമുള്ളവരുടെ ലിസ്റ്റ്, മറ്റു വകുപ്പുകളിൽനിന്നുമുള്ളവരുടെ ലിസ്റ്റ് എന്നിവയിൽ നിന്നും നിയമനം നൽകി വരുന്നു.

(സി) ഓരോ ലിസ്റ്റിൽനിന്നും ഏറ്റവും അവസാനം നിയമനം നൽകിയത് താഴെ പറയുന്ന തീയതികളിലാണ്.

പി.എസ്.സി.	..	4-2-2005
സെക്രട്ടേറിയറ്റ് കാറ്റ	..	15-12-2004
മറ്റു വകുപ്പുകൾ	..	പുതിയ ലിസ്റ്റിൽനിന്നും ആരെയും നിയമിച്ചിട്ടില്ല. കഴിഞ്ഞ ലിസ്റ്റിൽ നിന്നും അവസാനം നിയമനം നൽകിയത് 29-4-2003-ലാണ്.

(ഡി) അടുത്ത നിയമനം നൽകേണ്ടത് മറ്റു വകുപ്പുകളിൽ നിന്നുമുള്ളവരുടെ ലിസ്റ്റിൽ നിന്നാണ്.

(ഇ) ഉണ്ട്. അടുത്ത നിയമനം ലഭിക്കേണ്ടത് സംബന്ധിച്ച് കാറ്റഗറി (iii), (iv) എന്നീ വിഭാഗങ്ങളിൽ തർക്കം ഉള്ളതിനാലാണ് കാലതാമസം വന്നിട്ടുള്ളത്. അത് ഒഴിവാക്കി നിലവിലുള്ള ഒഴിവുകളിൽ എത്രയും പെട്ടെന്ന് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly